/

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- കൊല്ലം നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഓവർസീയർ ഗ്രേഡ് -1 ആയ ശ്രീ.എം.കെ.ബിജു സർക്കാരിൽ സമർപ്പിച്ച അപേക്ഷ - ബഹു. ഹൈക്കോടതിയുടെ 29.07.2015 ലെ OP(KAT) നം.81/14 ലെ ഉത്തരവിലെ നിർദ്ദേശം -നടപ്പിലാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം.**3904**/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 04.12.2017

---

പരാമർശം : **1**. 17.10.1997 തീയതിയിലെ സ.ഉ.(കൈ) നം.234/97/എൽഎഡി .

**2**. 11.08.2016 തീയതിയിലെ സ.ഉ.(സാധാ) നം.2425/2016/തസ്വഭവ.

**3**. 07.08.2017 തീയതിയിലെ സ.ഉ.(സാധാ) നം.2737/2017/തസ്വഭവ.

4. ശ്രീ.എം.കെ.ബിജു, ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത Cont.Case(C) No. 1204/2017 – നമ്പർ കോടതിയലക്ഷ്യകേസിൽ 10.08.2017 തീയതിയിലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

കൊല്ലം നഗരസഭയിൽ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം വർക്ക് സൂപ്രണ്ട് (ഓവർസിയർ ഗ്രേഡ് III) തസ്തികയിൽ പരാമർശം 1 പ്രകാരം നിയമനം ലഭിച്ച ശ്രീ. എം.കെ. ബിജു തനിക്ക് യോഗ്യതയ്ക്കനുസരിച്ചുള്ള തസ്തികയായ ഓവർസിയർ ഗ്രേഡ് I തസ്തികയിൽ തസ്തികമാറ്റം അനുവദിക്കണമെന്ന ആവശ്യം ഉന്നയിച്ച് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത O.P.(KAT) 81/2014 എന്ന നമ്പർ കേസിലെ 29.07.2015 ലെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച പരാമർശം 2,3 പ്രകാരമുള്ള സർക്കാർ ഉത്തരവുകൾ കോടതി വിധിയ്ക്കനുസൃതമല്ല എന്നതിനാൽ പ്രസ്തുത ഉത്തരവുകൾ പിൻവലിച്ച് തനിക്ക് ഓവർസിയർ ഗ്രേഡ് I തസ്തികയിൽ തസ്തികമാറ്റം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.എം.കെ. ബിജു കോടതിയലക്ഷ്യ കേസ് ഫയൽ ചെയ്തിരുന്നു.

2. ശ്രീ. എം.കെ. ബിജു 1997-ൽ തീയതി വയ്ക്കാതെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ഡ്രാഫ്റ്റ്സ്മാൻ/ബിൽഡിംഗ് ഇൻസ്പെക്ടർ തസ്തികയ്ക്ക് അപേക്ഷ സമർപ്പിക്കുകയുണ്ടായി. ടി തസ്തികയ്ക്കാവശ്യമായ എസ്.എസ്.എൽ.സിയും ഡിപ്ലോമാ സർട്ടിഫിക്കറ്റും ടിയാനുണ്ടായിരുന്നു. മുനിസിപ്പൽ ഭരണഡയറക്ടറുടെ 14.02.1997 ലെ കത്തിൽ ടിയാന് വർക്ക് സൂപ്രണ്ട് തസ്തികയിൽ നിയമനം നൽകണമെന്നാണ് ശുപാർശ ചെയ്തിരുന്നത്. കൂടാതെ ശ്രീ.എം.കെ. ബിജു 27.08.1997 ൽ മുനിസിപ്പൽ ഭരണ ഡയറക്ടർക്ക് സമർപ്പിച്ച അപേക്ഷയിൽ താൻ വർക്ക് സൂപ്രണ്ട്

തസ്തികയിലേയ്ക്കാണ് അപേക്ഷിച്ചതെന്നും ആയത് ഉടൻ അനുവദിക്കണമെന്നും അപേക്ഷിച്ചിരുന്നു. 17.10.1997 ലെ സർക്കാർ ഉത്തരവ് പ്രകാരം ടിയാന് വർക്ക് സൂപ്രണ്ട് തസ്തികയിൽ നിയമനത്തിന് അനുമതി നൽകിയിരുന്നു. തുടർന്ന് 14.11.1997 ൽ മുനിസിപ്പൽ ഭരണ ഡയറക്ടറുടെ ഉത്തരവ് പ്രകാരം ശ്രീ.ബിജുവിനെ കൊല്ലം മുനിസിപ്പാലിറ്റിയിൽ നിയമിച്ച് ഉത്തരവായി.

3. 30.03.1995 ലെ G.O.(P) No. 7/95/P&ARD ഉത്തരവിലെ Clause (39) പ്രകാരം അർഹമായ തസ്തികയിൽ നിയമനം ലഭിച്ചില്ല എന്നും വ്യക്തമായ കോടതി നിർദ്ദേശമുണ്ടായിരുന്നിട്ടും ഓവർസിയർ ഗ്രേഡ് I തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിച്ചില്ല എന്നുമാണ് അപേക്ഷകന്റെ പരാതി. 13.01.1998-ൽ ഈ ആവശ്യത്തിനായി അപേക്ഷ നൽകിയിരുന്നതാണെന്നും അതിനുശേഷവും മുനിസിപ്പൽ ഡയറക്ടർക്ക് 15.10.1999-ൽ ഓർമ്മക്കുറിപ്പ് നൽകിയിരുന്നതാണെന്നും അതിന്മേൽ നടപടി സ്വീകരിച്ചില്ലെന്നും പരാതിയുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ഒരു തസ്തികയിൽ ജോലിയിൽ പ്രവേശിച്ചാൽ തസ്തികമാറ്റം അനുവദിക്കാൻ പാടില്ല എന്ന 30.03.1995 ലെ G.O.(P) No. 7/95/P&ARD എന്ന ഉത്തരവിലെ തന്നെ ഖണ്ഡിക 24 പ്രകാരമാണ് തസ്തികമാറ്റം അനുവദിക്കാത്തത് എന്നതിനാൽ തസ്തികമാറ്റം അനുവദനീയമല്ല എന്ന് കണ്ടതിനാൽ ആവശ്യം നിരസിച്ച് 11.08.2016-ലെ ജി.ഒ.(ആർ.റ്റി) നം. 2425/16/LSGD പ്രകാരം വിശദമായ ഉത്തരവ് പുറപ്പെടുവിച്ചു.

5. ഈ ഉത്തരവിനെതിരെ ശ്രീ.എം. കെ. ബിജു റിവ്യൂ പെറ്റീഷൻ സർക്കാരിന് സമർപ്പിക്കുകയും അതു പരിഗണനയിലിരിക്കവേ കോടതിയലക്ഷ്യ കേസും ഫയൽ ചെയ്തിരുന്നു. 07.08.2017 തീയതിയിലെ സ.ഉ.(സാധാ)നം.2737/17/തസ്വഭവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം റിവ്യൂ പെറ്റീഷനും തീർപ്പാക്കി ടിയാന്റെ ആവശ്യം നിരസിച്ച് ഉത്തരവാകുകയുണ്ടായി.

6. C.C.C 1204/17 നമ്പർ കോടതിയലക്ഷ്യ കേസിൽ 11.08.2016-ലെ സർക്കാർ ഉത്തരവ് വ്യക്തമായ കോടതിയലക്ഷ്യ സ്വഭാവമുള്ളതാണെന്നും സർക്കാർ അഭിഭാഷകൻ അഭിപ്രായപ്പെടുകയും സർക്കാർ ഉത്തരവുകൾ പിൻവലിച്ച് 29.07.2015-ലെ കോടതിയുടെ പരാമർശത്തിന്റെ ചട്ടക്കൂടിനുള്ളിൽ നിന്ന് പരിശോധിച്ച് അതിനനുസൃതമായ ഉത്തരവ് പുറപ്പെടുവിക്കാനാണ് അഭിപ്രായപ്പെട്ടിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത 2 സർക്കാർ ഉത്തരവുകളും പിൻവലിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്ന അഡ്വക്കേറ്റ് ജനറലിനെ അറിയിക്കുകയും ചെയ്തിരുന്നു.

7. O.P.(KAT) 81/2014 എന്ന നമ്പർ കേസിലെ 29.07.2015 ലെ അന്തിമ വിധിയിൽ കോടതിയുടെ ഖണ്ഡിക 9 ൽ ഇപ്രകാരം പരാമർശിച്ചിരുന്നു.

(1) If the petitioner had submitted a representation seeking category change on 13.01.1998, as contended by him and mentioned in Ext.P3, it is to be held that the petitioner is entitled to be allowed with a category change on a prospective basis, subject to availability of vacancy in the post of Overseer/Draftsmnan Grade I. Therefore we are inclined to remit back the matter to the Government for taking a fresh decision based on the above observations.

8. 13.01.1998- ലെ അപേക്ഷ സമർപ്പിച്ചതിന് രേഖകൾ ഹാജരാക്കൻ ആവശ്യപ്പെട്ട് അപേക്ഷകനോട് 30.08.2017-ന് നേരിൽ ഹാജരാകാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നേരിട്ട ഹാജരായി. ചില രേഖകൾ ഹാജരാക്കി. 13.01.1998-ലെ അപേക്ഷയിൽ തീരുമാനമാകാത്തതിനാൽ അപേക്ഷകന്റെ മാതാവ് ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ എം.പി. മുഖേന അന്നത്തെ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയ്ക്ക് നൽകിയ കത്തിന്റെ പകർപ്പ്, അതിന് 20.01.1999-ൽ 45920/ബി4/98/തസ്വഭവ. എന്ന കത്ത് പ്രകാരമുള്ള കാറ്റഗറി മാറ്റത്തിന് അർഹതയില്ല എന്ന മറുപടിയുടെ പകർപ്പ്, 13.01.1998-ലെ തന്റെ കത്തിന്മേൽ നടപടി സ്വീകരിക്കണമെന്ന് കാണിച്ച് 15.10.1999-ൽ മുനിസിപ്പൽ ഡയറക്ടർക്ക് നൽകിയ കത്തിന്റെ പകർപ്പ് എന്നിവ ഹാജരാക്കിയിട്ടുണ്ട്. 30.08.2017-ന് നേരിൽ കേട്ട അവസരത്തിൽ നഗരകാര്യ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരും പങ്കെടുത്തിരുന്നു.

9. ബഹു. ഹൈക്കോടതിയുടെ 29.07.2015-ലെ ഉത്തരവിലെ ഖണ്ഡിക 7-ൽ സമാനമായ കേസുകളിൽ കാറ്റഗറി മാറ്റം അനുവദിച്ചിട്ടുള്ള കാര്യം പരിഗണിച്ചിരുന്നു. ഖണ്ഡിക 7 ഇപ്രകാരം പറയുന്നു.

We are of the considered opinion that the Government have failed to take note of the change of category permitted to similarly situated persons when it declined the claim raised by the petitioner.

10. ബഹു. ഹൈക്കോടതിയുടെ ഉത്തരവിലെ ഖണ്ഡിക 7-ൽ പരാമർശിക്കുന്ന സമാനമായ കേസിൽ തസ്തികമാറ്റം അനുവദിച്ച കേസുകൾ ചുവടെ പറയുന്നവയാണ്.

Ext. P6 - G.O (Rt) No. 3219/97/ജി.ഇ തീയതി 17.09.1997

Ext. P6(A) - 10.10.1995 ലെ G.O (Ms) No. 166/95/H.Edn.

Ext. P6(B) - 25.01.1996-ലെ G.O (Ms) No. 17/96/PW & T

Ext. P6(C) - 101.01.1997- ലെ G.O (Ms) No. 1/97/ PW & T

11. ഈ സർക്കാർ ഉത്തരവുകൾ പരിശോധിച്ചതിൽ ഈ ഉത്തരവുകളിൽ പരാമർശിക്കുന്നവരെല്ലാം തന്നെ സമാശ്വാസ തൊഴിൽദാന പദ്ധതിയിൻ കീഴിൽ നിയമിതരായവരാണ്. Ext.P6 മുതൽ Ext.P6(B) വരെയുള്ള മൂന്നു കേസുകളിലും ആശ്രിത നിയമനം ലഭിച്ചത് 7/95/P&ARD എന്ന ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമായിരുന്നില്ല. 1989 കളിൽ അന്ന് നിലവിലുണ്ടായിരുന്ന സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള തൊഴിൽ നൽകുന്നതിനുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിലായിരുന്നു. അപ്രകാരം ജോലിയിൽ പ്രവേശിച്ചതിനു ശേഷം വർഷങ്ങൾ കഴിഞ്ഞ് സമാശ്വാസ തൊഴിൽദാന പദ്ധതിയ്ക്കായി വ്യവസ്ഥകൾ 7/95/P&ARD എന്ന ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ആനുകൂല്യം നേടിയെടുക്കുകയാണുണ്ടായത്. ഇവയെല്ലാം പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ കത്തിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിലേയ്ക്കുള്ള നിയമനങ്ങളായിരുന്നു. എക്സിബിറ്റുകളിൽ പരാമർശിക്കുന്ന തരത്തിലുള്ള ഇത്തരത്തിലൊരു ആനുകൂല്യം തദ്ദേശ സ്വയംഭരണ വകുപ്പിൽ നൽകിയിട്ടുമില്ല. എക്സിബിറ്റ് P6(C) മാത്രമാണ് 7/95/P&ARD എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകാൻ ഉത്തരവായതും പ്രസ്തുത ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പ് യോഗ്യതയുടെ അടിസ്ഥാനത്തിൽ തസ്തികമാറ്റം അനുവദിച്ചിട്ടുള്ളതും. സമാശ്വാസതൊഴിൽദാന പദ്ധതിയിൻ കീഴിൽ ഓഫർ ചെയ്തിരിക്കുന്ന തസ്തിക സ്വീകരിക്കുകയും ആ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്താൽ തസ്തികമാറ്റം അനുവദനീയമല്ല എന്ന് G.O(P) 7/95/P&ARD എന്ന ഉത്തരവിലെ ഖണ്ഡിക 24 വ്യക്തമായി നിർദ്ദേശിക്കുന്നുണ്ട്.

12. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിലും, CCC No.1204/17 നമ്പർ കോടതിയ ലക്ഷ്യക്കേസിന്റെ അടിസ്ഥാനത്തിലും, സർക്കാർ ഇക്കാര്യം വീണ്ടും പരിശോധിക്കുകയുണ്ടായി. 30.03.1995-ലെ സ.ഉ.(പി) നം. 07/1995/പി&എ.ആർ.ഡി. യിലെ ഖണ്ഡിക 39-ലെ വ്യവസ്ഥയനുസരിച്ച് ഹർജിക്കാരന് Overser/Draftsman Grade I ആയി entry cadre നിയമനം ലഭിയ്ക്കാൻ അർഹതയുണ്ടെന്നാണ് O.P. (KAT) No. 81/2014-ാം നമ്പർ കേസിന്റെ വിധിയിൽ ബഹു ഹൈക്കോടതി declare ചെയ്തിരിക്കുന്നത്. അപ്രകാരം, ഹർജിക്കാരൻ അവകാശപ്പെടുന്നതുപോലെ ടിയാൻ തസ്തികമാറ്റത്തിന് സമർപ്പിച്ചിട്ടുള്ള അപേക്ഷ തീർപ്പാക്കി ടിയാന് prospective basis-ൽ category change അനുവദിയ്ക്കണമെന്ന് ബഹു. കോടതി ഉത്തരവിട്ടിരിക്കുന്നു.

13. മേൽ സാഹചര്യത്തിൽ ശ്രീ. ബിജു.എം.കെ.യുടെ തസ്തികമാറ്റ അപേക്ഷ

പരിഗണനാർഹമാണെന്നുള്ള ബഹു. ഹൈക്കോടതിയുടെ OP(KAT) 81/2014-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാന് Prospective basis-ൽ ഓവർസീയർ തസ്തികയിലേക്ക് തസ്തികമാറ്റം നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**എസ് മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ശ്രീ.എം.കെ.ബിജു, ഓവർസീയർ ഗ്രേഡ് -1, കൊല്ലം നഗരസഭ.
എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ